THURSDAY 16-09-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -16/09/2021

1. **സുഭിക്ഷം സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷി പദ്ധതി** 100 ദിന ലക്ഷ്യ പൂർത്തീകരണ പ്രഖ്യാപനവും പദ്ധതിയുടെ ഭാഗമായി ഉത്പാദിപ്പിച്ച കാർഷികോൽപന്നങ്ങളുടെ വിളവെടുപ്പിന്റെ ഉദ്ഘാടനവും ഇന്ന് വൈകുന്നേരം 4 മണിക്ക് ആലപ്പുഴ കഞ്ഞിക്കുഴിയിൽ കൃഷിവകുപ്പ് മന്ത്രി പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. കഞ്ഞിക്കുഴി പഞ്ചായത്തിലെ കർഷകൻ സുജിത്തിന്റെ 7 ഏക്കർ ബസുമതി റൈസ് (പ്രകൃതി കൃഷി) വിളവെടുപ്പ് ഇതിനോടൊപ്പം നടത്തുന്നതുമായിരിക്കും.

2. കൃഷിവിജ്ഞാനകേന്ദ്രം കോഴിക്കോടും എനർജിമാനേജ്മെൻറ് കേരളയും സംയുക്തമായി **'ഊർജ്ജക്ഷമതയുള്ള പമ്പ്സെറ്റുകളുടെ ഉപയോഗവും ജലസ്രോതസ്സുകളുടെ കാര്യക്ഷമതയും'** എന്ന വിഷയത്തിൽ ഈ മാസം 28-ന് (സെപ്റ്റംബർ 28 ന്) കെവികെയിൽ വച്ച് സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടിയിലേക്ക് കർഷകരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. കോഴിക്കോട് ജില്ലയിലെ 50 കർഷകർക്കായിരിക്കും അവസരം. താല്പര്യമുള്ളവർ പ്രോഗ്രാംകോർഡിനേറ്റർ, കൃഷിവിജ്ഞാനകേന്ദ്രം, പെരുവണ്ണാമൂഴി, കോഴിക്കോട് എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഇമെയിൽ: kvkcalicut@gmail.com കൂടുതൽ വിവരങ്ങൾക്ക് **0496-2966041** എന്ന ഫോൺ നമ്പരിലോ **9446783974** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

3. തിരുവനന്തപുരം കഴക്കൂട്ടത്ത് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറിയിൽ ഗുണനിലവാരമുള്ള ഡബ്ല്യൂ സി റ്റി (WCT) ഇനം തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ പ്രവർത്തി സമയം നേരിട്ട് സമീപിക്കുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ, CO-1), ചുരയ്ക്ക (അർക്ക ബഹാർ), അമര (ഹിമ), അമര (ഗ്രേസ്), മുളക് (ഉജ്ജ്വല), ചതുരപ്പയർ, പടവലം (ഹരിതശ്രീ), പടവലം (ബേബി) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കൽപറ്റ ബ്ലോക്ക് പരിധിയിലെ കൃഷിഭവനുകൾ വഴി പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകരിൽ നിന്നും കേടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങ് ഒന്നിന് 1000 രൂപ നിരക്കിൽ ധനസഹായം നൽകും. താൽപര്യമുള്ള കർഷകർ ഈ മാസം 20 നു (സെപ്തംബർ 20 നു) മുമ്പായി അതാത് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിക്കണമെന്ന് കൽപറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം നാളെ (സെപ്റ്റംബർ 17) വരെ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24-ന് (സെപ്റ്റംബർ 24-ന്) പാറശ്ശാല ഇ.എം.എസ് ഹാളിൽ വച്ച് കർഷകർക്കായി **സംരംഭകത്വ സംഗമം** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് മൃഗപരിപാലനം, ആട് വളർത്തൽ, മാലിന്യ നിർമ്മാർജ്ജനം, സംരംഭകർക്ക് ബാങ്ക് ലോൺ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധരുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണെന്നും പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 16-ന്) രാവിലെ 11 മണിക്ക് **"ശീതകാല പച്ചക്കറി കൃഷിയിൽ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ"** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേയ്സ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (16/09/2021-നു) വൈകിട്ട് 7 മണി മുതൽ **നിപ്പ രോഗം – അറിയേണ്ടതും പറയേണ്ടതും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

10. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (16/09/2021 ന്) രാവിലെ 10.30 മണിക്ക് **ഡയറിഫാമുകളിലെ മാലിന്യ നിർമ്മാർജ്ജനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/uei-vphp-gni എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

11. ഓച്ചിറ ക്ഷീരോത്പ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 16) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ (പനീറും പനീർ വിഭവങ്ങളും)** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ

താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്നും നാളെയുമായി (സെപ്റ്റംബർ 16,17) **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479 2452277 എന്ന ഫോൺ നമ്പരിലോ ch.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടുക.

13. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (സെപ്തംബർ 16, 17) **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

14. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 16-ന്) കുടുംബശ്രീ അംഗങ്ങൾക്ക് **സോപ്പ്, സോപ്പ് പൊടി നിർമ്മാണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **8157877977** എന്ന നമ്പരിൽ ബന്ധപ്പെടുക.

15. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി **സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1** വരെയുള്ള തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെ ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, തൃശൂരിൽ വെച്ച് ഓൺലൈനായി നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാല

നം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850, 7034215912, 9961533547, 04872960079** എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

കാർഷിക നിർദ്ദേശങ്ങൾ

16. മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകോണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികോണാസോൾ (റ്റിൽറ്റ്) രണ്ടര ഗ്രാം കോപ്പർഓക്സിക്ലോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം